# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 27, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 303)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 4211 മുതൽ 4336 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 4337 മുതൽ 4406 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 4407 മുതൽ 4454 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 4455 മുതൽ 4513 വരെ |

## ദേശീയ വിദ്യാഭ്യാസ നയം

4211 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി അഞ്ചാം ക്ലാസ് എൽ.പി. സ്കൂളിലേക്കും എട്ടാം ക്ലാസ് യു.പി. സ്കൂളിലേക്കും മാറ്റാനുള്ള തീരുമാനം മരവിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാരണമെന്താണ്;

(സി) സർക്കാരിന് ബാധ്യത വരാത്തവിധം അൺ എയ്ഡഡ് എൽ.പി. സകൂളുകളിൽ അഞ്ചാം ക്ലാസും യു.പി. സ്കൂളുകളിൽ എട്ടാം ക്ലാസും ഈ വർഷം തുടങ്ങാൻ അനുമതി നൽകുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

4212 ശ്രീ.എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂളുകളുടെ ഘടനയിൽ മാറ്റംവരുത്താൻ തീരുമാനിച്ചി
ട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയെന്ന് വിശദമാക്കുമോ;

(ബി) 6 മുതൽ 8 വരെയുളള ക്ലാസ്സുകളിലെ കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകരുടെ യോഗ്യതയിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) 8 മുതൽ 10 വരെ ക്ലാസ്സുകളെ ഹൈസ്ക്കൂളിന്റെ ഭാഗമായി നിലനിർത്തുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന് നടപടി</u>

4213 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന് എല്ലാ സ്കൂളുകളുടേയും സമഗ്രമായ മാപ്പിംഗ് പൂർത്തികരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ വകുപ്പിൽ സേവനാവകാശ നിയമം</u>

4214 ശ്രീ. എം. എ. വാഹീദ്
'' എം. പി. വിൻസെന്റ്
'' വി. പി. സജീന്ദ്രൻ
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനെക്കുറിച്ച് വ്യാപകമായ പ്രചരണം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മലയാളം ഒന്നാംഭാഷയാക്കാൻ നിയമം</u>

T4215 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളിലും മലയാളം ഒന്നാം ഭാഷയാക്കണമെന്ന് നിയമം പാസ്സാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലെ നിയമത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ അദ്ധ്യയന വർഷം തന്നെ നടപ്പിലാക്കാനാവും വിധം നിയമം ഓർഡിനൻസായി പ്രഖ്യാപിക്കാമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മലയാളം ഉപഭാഷയായി പഠിപ്പിക്കാത്ത സ്കൂളുകൾ</u>

4216 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ മലയാളം ഉപഭാഷയായി പഠിപ്പിക്കാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ച സാഹചര്യത്തിൽ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും മലയാളം പഠിപ്പിക്കാനുള്ള അവസരവും അതിനുള്ള തസ്തികയും സൃഷ്ടിക്കുമോ;

(സി) മലയാളം ഉപഭാഷയായി പഠിപ്പിക്കാത്ത സ്കൂളുകളുടെ പേര് ഉൾപ്പെടുത്തിയ ലിസ്റ്റ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

**ഹൈസ്കൂളുകളിലെ മലയാളം ഭാഷാ അദ്ധ്യാപക നിയമന ശതമാന നിരക്ക് ഉയർത്തുന്നതിന് നടപടി**

T4217 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് ഭാഷയ്ക്ക് ഒന്നാം പദവി ഉണ്ടായിരുന്നപ്പോൾ സംസ്ഥാനത്തെ ഹൈസ്കൂളുകളിലേക്ക് ഇംഗ്ലീഷ്, മലയാളം അദ്ധ്യാപകരുടെ നിയമന ശതമാന നിരക്കുകൾ എത്രയായിരുന്നു; പ്രസ്തുത സമയത്ത് ഹൈസ്കൂളുകളിൽ മലയാളം അദ്ധ്യാപകരെ നിയമിക്കുന്നതിലെ അദ്ധ്യാപക നിയമന ശതമാന നിരക്ക് അറിയിക്കുമോ;

(ബി) നിലവിൽ മലയാളം ഒന്നാം ഭാഷയായി അംഗീകരിച്ച സാഹചര്യം പരിഗണിച്ച് ഹൈസ്കൂളുകളിലെ മലയാളം ഭാഷാ അദ്ധ്യാപകരുടെ നിയമനത്തിന് അദ്ധ്യാപക നിയമന ശതമാന നിരക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ</u>

4218 ശ്രീ. എം.എ. ബേബി
,, എ.എം. ആരിഫ്
,, ജെയിംസ് മാത്യു
,, പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വർഷാരംഭത്തോടനുബന്ധിച്ച് എന്തെല്ലാം തയ്യാറെടുപ്പുകളാണ് സർക്കാർ നടത്തിയിരുന്നത്;

(ബി) സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ വിദ്യാലയങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കാതെയിരിക്കുന്നത് വേണ്ടത്ര ഫണ്ട് ലഭിയ്ക്കാത്തതിനാലാണെന്ന കാര്യം അറിവുള്ളതാണോ;

(ഡി) കാലവർഷം ശക്തമായിരിക്കുന്ന അവസ്ഥയിൽ സ്കൂൾ കെട്ടിടങ്ങൾ ബലപ്പെടുത്തുന്നതിനും പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>28.06.12 ലെ സർക്കാർ ഉത്തരവ്</u>

4219 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

28.06.12 ലെ 11923/ബി2/2012 പൊതുവിദ്യാഭ്യാസം നമ്പർ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്ത്?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം</u>

4220 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിൽ നിലനിൽക്കുന്ന അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വിശദീകരിക്കാമോ;

(ബി) പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

4221 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നിലവിലുള്ളത്;

(ബി) ഇതിനായി കഴിഞ്ഞ വർഷം ചെലവഴിച്ച തുക എത്ര;

(സി) ഈ സേവനം സംസ്ഥാനത്തെ എല്ലാ അൺ എയ്ഡഡ് സ്കൂളിലെ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>വിദ്യാലയങ്ങളിലെ റാഗിംഗ്</u>

4222 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ റാഗിംഗ് തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) 2012-13 വിദ്യാഭ്യാസ വർഷത്തിൽ റാഗിംഗുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ റിപ്പോർട്ടു ചെയ്തു; ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. പദ്ധതി</u>

4223 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര യു.പി.സ്കൂളുകൾ ഹൈസ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ആർ.എം.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി പുതുതായി ഹൈസ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യാനുദ്ദേശിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>മൂല്യബോധന യാത്രയുടെ ഉദ്ദേശലക്ഷ്യങ്ങൾ</u>

4224

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് നടത്തിയ മൂല്യബോധന യാത്രയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; എന്നായിരുന്നു യാത്ര നടത്തിയത്;

(ബി) ഈ യാത്രയെക്കുറിച്ചും യാത്രയിൽ പങ്കെടുത്തവരെ കുറിച്ചും പരാതികൾ ലഭിച്ചിട്ടുണ്ടോ; ആരുടെയെല്ലാം പരാതിയാണ് ലഭിച്ചത്; ഈ പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) ഈ യാത്രയിൽ പങ്കെടുത്ത് മൂല്യബോധന പ്രഭാഷണങ്ങൾ നടത്തിയവർ ആരെല്ലാമായിരുന്നു; പേരും, അവരുടെ മുൻകാല പരിചയവും വ്യക്തമാക്കുമോ;

(ഡി) ഈ യാത്രയിൽ പങ്കെടുത്ത് സ്ത്രീകൾക്കെതിരെ പ്രഭാഷണം നടത്തിയ പ്രഭാഷകന്റെ നടപടിക്കെതിരെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ആർക്കായിരുന്നു അന്വേഷണചുമതല; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>'അതിജീവനം' പദ്ധതി</u>

4225 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'അതിജീവനം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ലഹരിവിരുദ്ധ സന്ദേശം വിദ്യാർത്ഥികളിലെത്തിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിയ്ക്കുവേണ്ടി സർക്കാർ എത്രതുക ചെലവിട്ടു?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>സ്കൂളുകളിൽ ധർമ്മസേന</u>

4226 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി സ്കൂളുകളിൽ ധർമ്മസേന രൂപവത്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഘടന എന്താണ്?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ്

4227 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്. യു.എസ്.എസ് സ്ക്കോളർഷിപ്പ് തുകകൾ കാലോചിതമായി പരിഷ്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ക്കോളർഷിപ്പ് തുകകൾ എത്ര രൂപയാക്കി വർദ്ധിപ്പിക്കുന്നതിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പി. ടി. എ. രൂപീകരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ</u>

4228 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ പി. ടി. എ. രൂപീകരണത്തെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ഇറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഹയർ സെക്കന്ററി സ്കൂളുകളിലെ പി. ടി. എ. കളുടെ രൂപീകരണം സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>യൂണിഫോം വിതരണത്തിന് സ്വകാര്യ കമ്പനികൾ</u>

4229 ശ്രീ. എളമരം കരീം
'' സി. കെ. സദാശിവൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; മുൻവർഷം യൂണിഫോം വിതരണം ഏത് ഏജൻസി വഴിയാണ് നടത്തിയത്;

(സി) ഈ വർഷം യൂണിഫോം വിതരണത്തിന് സ്വകാര്യ കമ്പനികളെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അതിന്റെ ഫലമായി പല സ്കൂളുകളിലും നിലവിലുള്ള യൂണിഫോം തുടരുന്നതിന് തടസ്സം നേരിടും എന്ന കാര്യം അറിയാമോ;

(ഇ) സൗജന്യ യൂണിഫോം പദ്ധതിയുടെ പരിധിയിലല്ലാത്ത വിദ്യാർത്ഥികളെ ഇത് ദോഷകരമായി ബാധിക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോം</u>

4230 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
'' കെ. എം. ഷാജി
'' സി. മോയിൻകുട്ടി
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോം ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, എന്ന് മുതൽ അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു;

(ബി) അതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിലെ പൊതു വികാരമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും സൗജന്യമായി യൂണിഫോം നൽകുന്നതിനുള്ള ചെലവ് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ബി.പി.എൽ, എ.പി.എൽ വ്യത്യാസമില്ലാതെ യൂണിഫോം വിതരണം</u>

4231 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 8-ാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന യൂണിഫോം ബി.പി.എൽ, എ.പി.എൽ വ്യത്യാസമില്ലാതെ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എയ്ഡഡ് മേഖലയിൽ ഏകീകൃത യൂണിഫോം</u>

4232 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിൽ ഹൈസ്കൂൾതലം വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ഏകീകൃത യൂണിഫോം ഏർപ്പെടുത്തുമ്പോൾ ഇതിനുള്ള പണം പ്രധാന അധ്യാപകരെ ഏൽപ്പിക്കുന്ന മുൻകാല രീതിയിൽനിന്നും സർക്കാർ പിൻമാറാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ജില്ലാ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നടത്തുന്ന പർച്ചെയ്സിന് സുതാര്യത ഉറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

2013-14 വര്‍ഷത്തെ പാഠപുസ്തക വിതരണം

4233

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14 വര്‍ഷത്തെ പാഠപുസ്തക വിതരണം ആകെ എത്ര രൂപയ്ക്കാണ് കരാര്‍ നല്‍കിയിട്ടുളളത്;

(ബി) കരാര്‍ പ്രകാരം വയനാട് ജില്ലയില്‍ എന്നത്തേയ്ക്കാണ് വിതരണം പൂര്‍ത്തിയാക്കിയത്;

(സി) കരാര്‍ പ്രകാരം എല്ലാ ജില്ലകളിലും നിശ്ചിത സമയത്തിനുളളില്‍ വിതരണം പൂര്‍ത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എസ്. എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

4234 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് വികസനത്തിന് എന്ത് തുകയാണ് കേന്ദ്രം അനുമതി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തുകയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണ്; വിശദമാക്കുമോ;

(ഡി) സംസ്ഥാന വിഹിതം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എന്തെല്ലാം കാര്യങ്ങളാണ് പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>സി-ആപ്റ്റിന്റെ പുരോഗതിക്ക് ചിലവഴിച്ച തുകയുടെ വിശദാംശം</u>

4235 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിന്റെ പുരോഗതിക്കുവേണ്ടി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ സർക്കാരിൽ നിന്നും എന്ത് തുക ലഭിച്ചു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ഈ തുകയിൽ നിന്നും ഏതെല്ലാം ഇനത്തിൽ എന്തു തുക ചെലവഴിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഒരു സ്കൂളിൽ ‘‘ ഒരു സ്മാർട്ട് ക്ലാസ്സ് റൂം’’

4236 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ്സ് റൂം ഒരുക്കുന്നതിനായി 2012-2013-ൽ എത്ര തുക വകയിരുത്തിയിരുന്നു;

(ബി) പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര സ്കൂളുകൾ പദ്ധതിയിൽപ്പെടുത്തി സ്മാർട്ട് ക്ലാസ്സ് റൂം ഒരുക്കുകയുണ്ടായി;

(സി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്മാർട്ട് ക്ലാസ്സ് റൂം ഒരുക്കിയത്;

(ഡി) ഒരു സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം ഒരുക്കുവാൻ എത്ര തുയാണു ചെലവഴിച്ചത്;

(ഇ) ഈ പദ്ധതി പ്രകാരം ആകെ എത്ര തുക ചെലവഴിക്കുകയുണ്ടായി;

(എഫ്) പദ്ധതിയുടെ നിർവഹണ ഏജൻസി ഏതൊണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഐ. ടി. അറ്റ് സ്കൂളിന്റെ പ്രവർത്തനത്തിന് അനുവദിച്ച തുക

4237 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂളിന്റെ പ്രവർത്തനത്തിന് കേന്ദ്ര സർക്കാർ വിദ്യാഭ്യാസ വകുപ്പുമുഖേന 2011-12-ൽ എത്ര തുക അനുവദിച്ചു;

(ബി) 2011-12-ൽ എത്ര രൂപയുടെ ഐ. സി. ടി. ഉപകരണങ്ങൾ വാങ്ങി;

(സി) നിലവിലുള്ള റിസോഴ്സ് പോർട്ടൽ അപ്ഡേറ്റ് ചെയ്യുന്നുണ്ടോ;

(ഡി) എത്ര പ്രൈമറി അധ്യാപകർക്ക് 2012-13 വർഷം ഐ. ടി. പരിശീലനം നൽകി?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിന് സോഫ്റ്റ് വെയർ</u>

4238

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് സൗജന്യ ഓൺലൈൻ മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് സോഫ്റ്റ് വെയർ തയ്യാറാക്കാനുള്ള ചുമതല സ്വകാര്യ കമ്പനിക്കാണോ നൽകിയിട്ടുള്ളത്; പ്രസ്തുത സോഫ്റ്റ് വെയർ തയ്യാറാക്കുന്നത് കെൽട്രോൺ പോലുള്ള സ്ഥാപനങ്ങൾക്ക് മാത്രമായി നൽകിയില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആക്ഷേപത്തിന്റെ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഐ.ടി. അറ്റ് സ്കൂളിനെ ഈ പദ്ധതി ഏൽപ്പിച്ചുവോ; അവർ ശേഖരിച്ച വിവരങ്ങൾ ബാംഗ്ലൂരിലെ സ്വകാര്യ കമ്പനിക്ക് കൈമാറിയോ; വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ അടങ്കൽ എത്രയാണ്; ഇതു നടപ്പിലാക്കുവാൻ ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നുവോ എന്നും ഈ പദ്ധതിയുടെ നടത്തിപ്പു സംബന്ധിച്ച മറ്റു വിശദാംശങ്ങളും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അനൗപചാരിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്</u>

4239 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം ഒഴിച്ചുള്ള എല്ലാ സംസ്ഥാനങ്ങളിലും അനൗപചാരിക വിദ്യാഭ്യാസത്തിനായി ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനൗപചാരിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഓരോ ബഡ്ജറ്റിലും പ്രഖ്യാപിക്കുന്ന പുതിയ പദ്ധതികളും മിഷനുകളും ഏറ്റെടുത്ത് നടത്തുന്നതിന് ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സി.ബി.എസ്.ഇ. പത്താം ക്ലാസ് വിജയിച്ചവരുടെ ഹയർ സെക്കന്ററി പ്രവേശനം</u>

4240 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ. സ്കൂളുകളിൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ബോർഡ് പരീക്ഷ പാസ്സായാൽ മാത്രമേ സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ അപേക്ഷ പരിഗണിക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ മാനേജ്മെന്റ് സീറ്റിൽ അപേക്ഷിക്കുന്നതിന് സി.ബി.എസ്.ഇ. ബോർഡ് പരീക്ഷ പാസ്സാകണമെന്ന് നിബന്ധനയുണ്ടോ;

(സി) ഇല്ലെങ്കിൽ മാനേജ്മെന്റിന് ഇത് കൂടുതൽ കോഴ വാങ്ങുന്നതിനുള്ള അവസരം നൽകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ. 12-ാം ക്ലാസിലെ കണക്കു പരീക്ഷയുടെ മാർക്ക്</u>

4241 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ബി. എസ്. ഇ. 12-ാം ക്ലാസ് പരീക്ഷയിൽ ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും കണക്കിന് മാർക്ക് കുറഞ്ഞത് സർക്കാരിന്റെ ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണക്കിന് മാർക്കു കുറഞ്ഞതിനു പിന്നിൽ അന്യസംസ്ഥാന വിദ്യാലയ ലോബിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് തിരുത്തിനൽകാൻ നടപടി</u>

4242 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള വയസ്സ് ശരിയാക്കി നൽകുന്നതിനുള്ള അനുവാദം അവർ പഠിച്ച സ്കൂളിലെ പ്രധാനാധ്യാപകനുനൽകി ഉത്തരവിറക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>വിദ്യാർത്ഥിനികളുടെ എസ്.എസ്.എൽ.സി. ബുക്കുകളിലെ ജനനത്തീയതി തിരുത്തി നൽകാൻ നടപടി</u>

4243 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പരീക്ഷാ കമ്മീഷണർ കോഴിക്കോട് നടത്തിയ അദാലത്തിൽ ജനനത്തീയതി തിരുത്തുന്നതിനായി കുമാരി അരുണിമ ശ്രീധരൻ, കുമാരി അനർഘ ശ്രീധരൻ എന്നിവർ ഇ.എക്സ്/ബി.സി.4/22997/2013/സി.ജി.ഇ., ഇ.എക്സ്.ബി.സി.4/23270/2013/ സി.ജി.ഇ. നമ്പരുകളിലായി സമർപ്പിച്ചിരുന്ന എസ്.എസ്.എൽ.സി. ബുക്കുകൾ ജനനത്തീയതി തിരുത്തി എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അനാഥാലയങ്ങളിലെ കുട്ടികൾക്ക് പൊതുവിദ്യാഭ്യാസത്തിന് മുൻഗണന</u>

4244 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് തുടർ പൊതുവിദ്യാഭ്യാസത്തിന് അടുത്ത വിദ്യാലയങ്ങളിൽ പഠിക്കുന്നതിന് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പത്താം ക്ലാസ്സ് പരീക്ഷയിൽ പ്രത്യേക മിനിമം മാർക്ക്</u>

4245 ശ്രീ. പി. തിലോത്തമൻ
,, വി. ശശി
,, ജി.എസ്. ജയലാൽ
,, വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ്സ് പരീക്ഷയിൽ ജയിക്കാൻ എഴുത്ത് പരീക്ഷയ്ക്ക് പ്രത്യേക മിനിമം മാർക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുളള സമ്പ്രദായമനുസരിച്ച് ഇന്റേണൽ അസസ്മെന്റ് വിഭാഗത്തിൽപ്പെടുത്തി എത്ര മാർക്കാണ് നൽകുന്നത്; ഈ മാർക്കിടുന്നതു സംബന്ധിച്ച് പരിശോധനകൾ നടത്താൻ പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഇത്തരം സമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇന്റേണൽ മാർക്ക് നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉയർന്നുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ</u>

4246 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് നിയമപരമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ലൈസൻസ് ഇല്ലാത്ത അധ്യാപകർ സ്കൂൾ വാഹനം ഓടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, ഇതുമൂലമുണ്ടായ അപകടങ്ങൾ ഏതെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഐ.റ്റി. അറ്റ് സ്കൂളിലെ പി.ആർ.ഒ. യുടെ പേരിൽ പത്രക്കുറിപ്പ് ഇറക്കിയ സംഭവം

4247 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് എതിരെ ഐ.റ്റി. അറ്റ് സ്കൂളിലെ പി.ആർ.ഒ. യുടെ പേരിൽ പത്രക്കുറിപ്പ് ഇറക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ.റ്റി.അറ്റ് സ്കൂൾ ഡയറക്ടറുടെ അറിവോടുകൂടിയാണോ ഈ പത്രക്കുറിപ്പ് ഇറക്കിയതെന്ന് അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഡയറക്ടറുടെ അറിവോടുകൂടിയാണ് ഇത്തരത്തിൽ പത്രക്കുറിപ്പ് ഇറക്കിയതെന്ന് പി.ആർ.ഒ. അന്വേഷണ ഉദ്യോഗസ്ഥനോട് വെളിപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) എങ്കിൽ, വകുപ്പ് മേധാവിക്കെതിരെ കീഴ് ജീവനക്കാരൻ പത്രക്കുറിപ്പ് ഇറക്കിയതിന് ഐ.റ്റി. അറ്റ് സ്കൂൾ ഡയറക്ടർക്ക് എതിരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സ്കിൽ നവീകരണം</u>

4248 ശ്രീ. കെ. ശിവദാസൻ നായർ
'' വർക്കല കഹാർ
'' ഐ. സി. ബാലകൃഷ്ണൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സ്കിൽ നവീകരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി ഏന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തന് അനുവദിച്ച എസ്.എസ്.എ. വിഹിതം</u>

4249 ശ്രീ. എം. ഹംസ
,, സി. കൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. പദ്ധതിയിൽ ഈ വർഷത്തേക്ക് എത്ര കോടിയുടെ പദ്ധതികളാണ് സമർപ്പിച്ചിരിക്കുന്നത് ;

(ബി) പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നോ ; അത് അനുവദിച്ചിട്ടുണ്ടോ ;

(സി) കഴിഞ്ഞ വർഷം അനുവദിച്ചതിൽ എത്ര സ്കൂളുകൾ ആരംഭിക്കാൻ കഴിഞ്ഞുവെന്ന് പറയാമോ ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

## എസ്.എസ്.എ. ഫണ്ടിന്റെ വിനിയോഗം

4250

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 - 13 അധ്യയന വർഷത്തിലെ എസ്.എസ്.എ. പ്രവർത്തന ഫണ്ടിൽ ശാരീരിക - ബുദ്ധി വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് എത്ര തുക ചെലവഴിച്ചു; 2012-13 അധ്യയന വർഷം എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഉപകരണങ്ങൾ വാങ്ങിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടന്നിരുന്നോ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയത്; അന്വേഷണ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) എസ്.എസ്.എ. യിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഡയറക്ടർമാർ രാജിവച്ചു; ആരെല്ലാം; രാജി വച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം</u>

4251 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരമായി വിവിധ വെല്ലുവിളികൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ബഹുവൈകല്യം, പഠനവൈകല്യം, ശൈശവ ദൗർബല്യം, എയ്ഡ്സ് രോഗം എന്നിവ നേരിടുന്ന കുട്ടികളെ സഹായിക്കാൻ വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ചികിത്സാ സഹായം, വിദ്യാഭ്യാസം, സംരക്ഷണം എന്നിവ നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഇവർക്കായി 'പാഠ്യപദ്ധതി' തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇവരുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; ആയത് എപ്പോൾ മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവോ; വിശദമാക്കുമോ;

(ഇ) ഇവർക്കായി വിദ്യാഭ്യാസം നൽകാൻ എത്ര സ്പെഷ്യൽ സ്കൂളുകളുണ്ട്; ഇവയിൽ എത്ര ജീവനക്കാരുണ്ട്; എത്ര ജീവനക്കാരുടെ കുറവുണ്ട്; വ്യക്തമാക്കുമോ;

(എഫ്) നിലവിൽ ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്ന ആകെ കുട്ടികളുടെ എണ്ണം എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ജി) ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സംസ്ഥാനതലത്തിൽ കലോത്സവങ്ങൾ നടത്തി അവരെ മുഖ്യധാരയിൽ കൊണ്ടുവരാൻ ഈ സർക്കാർ എന്ത്

നടപടി സ്വീകരിക്കും; വിശദമാക്കുമോ;

(എച്ച്) ഇവർക്കായി കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കാനും പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കി പഠനത്തിന് സൗകര്യമൊരുക്കാനും, പ്രസ്തുത സ്കൂളുകളിലെ അധ്യാപക/അനധ്യാപക ജീവനക്കാർക്ക് യോഗ്യതകൾ നിശ്ചയിച്ച്മാത്രം നിയമനം നൽകാനും മതിയായ വേതനം ഉറപ്പ് വരുത്താനും എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ സ്ഥാപനങ്ങൾ</u>

4252 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനു കീഴിൽ എത്ര സ്വാശ്രയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തസ്തികകൾ സൃഷ്ടിച്ചു എന്നും ആയതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>അണ്‍എയിഡഡ് സ്കൂളുകളിലെ കുട്ടികളുടെ ഉച്ചഭക്ഷണ സമയം</u>

4253 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍ക്കാര്‍/എയ്ഡഡ്/സര്‍ക്കാര്‍ അനുമതിയുള്ള അണ്‍ എയ്ഡഡ് സ്ക്കൂളുകളില്‍ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള സമയം നിശ്ചയിച്ചു നല്‍കിയിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത സമയം എപ്രകാരമാണ് നിജപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പല സ്ക്കൂളുകളും സര്‍ക്കാര്‍ നിശ്ചയിച്ചിട്ടുള്ള സമയം കുട്ടികള്‍ക്കുള്ള ഉച്ചഭക്ഷണത്തിന് നല്‍കാതെ വെട്ടിക്കുറയ്ക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ ഉച്ചഭക്ഷണത്തിനുള്ള സമയം വെട്ടിക്കുറയ്ക്കുന്ന സ്ക്കൂളുകള്‍ക്ക് എതിരെ കര്‍ശന നടപടി സ്വീകരിക്കുവാന്‍ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) മാനസികോല്ലാസത്തിനു വേണ്ടിയുള്ള ഇടവേളകളുടെ സമയം കര്‍ശനമായി പാലിക്കാന്‍ എല്ലാ സ്ക്കൂളുകള്‍ക്കും നിര്‍ദ്ദേശം നല്‍കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഉച്ചഭക്ഷണം പദ്ധതി</u>

4254 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണം പദ്ധതി മുടക്കമില്ലാതെ നടക്കുന്നുണ്ടോ; ഉച്ചഭക്ഷണം നൽകിയ ഇനത്തിൽ ഏതെങ്കിലും സ്കൂളുകൾക്ക് പണം നൽകാനുണ്ടോ എന്നു പറയാമോ; ഉണ്ടെങ്കിൽ സംസ്ഥാനത്താകമാനം എത്ര തുകയാണ് വിവിധ സ്കൂളുകൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ കുടിശ്ശിക വരുത്തിയിരിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(ബി) ഉച്ചഭക്ഷണം സ്കൂളുകളിൽ നൽകിയ വകയിൽ സ്കൂൾ പി.റ്റി.എ.യ്ക്കും പ്രധാനാധ്യാപകർക്കും നൽകേണ്ട തുക കുടിശ്ശിക വരുത്തിയാൽ തുടർന്നുള്ള മാസങ്ങളിൽ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം പദ്ധതി മുടങ്ങുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കുടിശ്ശിക തുക എത്ര ദിവസത്തിനുളളിൽ സ്കൂളുകൾക്ക് നൽകുമെന്ന് പറയാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഉച്ചക്കഞ്ഞി വിതരണത്തിനുള്ള തുക</u>

4255 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉച്ചക്കഞ്ഞി വിതരണം നടത്തിയതിലൂടെ പ്രധാന അദ്ധ്യാപകർക്ക് നൽകാനുള്ള കുടിശ്ശിക തുക എപ്രകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓണത്തിന് മുൻപായി പ്രസ്തുത തുക നൽകുമോ;

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>ഉച്ചഭക്ഷണം വിതരണം ചെയ്തതിൽ പ്രധാന അദ്ധ്യാപകർക്ക് നൽകാനുള്ള തുക</u>

4256 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിലെ എൽ. പി., യു.പി. സ്കൂളുകളിൽ 2012-2013 കാലയളവിൽ ഉച്ചഭക്ഷണം വിതരണം ചെയ്തതിൽ ചെലവായ തുക പ്രധാന അദ്ധ്യാപകർക്ക് നൽകാനുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉച്ചഭക്ഷണ വിതരണത്തിന് ചെലവാകുന്ന സംഖ്യ എൽ. പി., യു.പി., സ്കൂളുകൾക്ക് മുൻകൂറായി നൽകുന്ന സംവിധാനം നിലവിൽ ഉണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) ഈ അദ്ധ്യയന വർഷത്തിൽ സ്കൂളിലെ ഉച്ചഭക്ഷണ വിതരണം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ ഉച്ചഭക്ഷണ പദ്ധതി

4257 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉച്ചഭക്ഷണ പദ്ധതിയനുസരിച്ച് ഫണ്ട് കുടിശ്ശികയുണ്ടോ; കാസർഗോഡ് ജില്ലയിൽ ഫണ്ട് കുടിശ്ശികയുടെ സ്കൂൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഉച്ചഭക്ഷണ പദ്ധതി പ്രകാരം അധ്യാപകർക്ക് നൽകാനുള്ള കുടിശ്ശിക എന്നേക്ക് കൊടുത്തു തീർക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പദവി ലഭിച്ച സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

4258 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ പദവി ലഭിച്ച എത്ര സർക്കാർ / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്;

(ബി) ഇതിൽ എൽ.പി. / യു.പി. / ഹൈസ്കൂൾ / ഹയർ സെക്കണ്ടറി സ്കൂൾ / മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ആയതിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ സർക്കാർ വന്നതിനു ശേഷം ന്യൂനപക്ഷ പദവി ലഭിച്ചിട്ടുണ്ട്;

(ഡി) ന്യൂനപക്ഷ പദവി ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ഇ) പ്രസ്തുത സ്ഥാപനങ്ങൾ മാനദണ്ഡങ്ങൾ പാലിച്ചാണോ പ്രവർത്തിക്കുന്നത്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഇത്തരം സ്ഥാപനങ്ങൾക്ക് കേന്ദ്ര / സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം;

(ജി) ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനങ്ങൾ, വിദ്യാർത്ഥികളുടെ അഡ്മിഷൻ വ്യവസ്ഥകൾ എന്നിവ എന്താണെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ഇത്തരം വ്യവസ്ഥകൾ എല്ലാ സ്ഥാപനങ്ങളും കൃത്യമായി പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പാലിക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാം; ഇവയുടെ പേരിൽ എന്ത് നടപടി സർക്കാർ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഐ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃത്യമായി മാനദണ്ഡങ്ങളും, വ്യവസ്ഥകളും പാലിക്കാത്ത, ന്യൂനപക്ഷ പദവി ലഭിച്ച എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചു പൂട്ടി; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എയ്ഡഡ് മേഖലയിലെ എൽ.പി, യു.പി. സ്കൂളുകൾ</u>

4259 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലകളിൽ ആകെ എത്ര എൽ.പി-യു.പി സ്കൂളുകൾ ഉണ്ട്;

(ബി) പ്രസ്തുത സ്കൂൾ നടത്തിപ്പിലേക്ക് ഒരു കുട്ടിക്ക് സർക്കാരിൽ നിന്നും എത്ര രൂപ അനുവദിക്കുന്നു എന്നു വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തുക എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് വിനിയോഗിക്കേണ്ടത്;

(ഡി) പ്രസ്തുത സ്കൂളുകൾക്ക് സർക്കാരിൽ നിന്നും നൽകിവരുന്ന ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എയ്ഡഡ് അംഗീകാരം ലഭിച്ച സ്കൂളുകൾ</u>

4260 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതിയ എത്ര സ്കൂളുകൾക്ക് എയ്ഡഡ് അംഗീകാരം നൽകി; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്കൂളുകൾക്ക് അംഗീകാരം നൽകിയത്;

(സി) അംഗീകാരം നൽകിയ സ്കൂളുകളുടെ പേരുവിവരങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ</u>

4261 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിദ്യാലയങ്ങൾ ഏതെല്ലാം മാനേജ്മെന്റുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിദ്യാലയങ്ങളിൽ ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളുടെ പ്രവേശനത്തിനും പഠനത്തിനും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ രംഗത്ത് പിന്നോക്ക വിഭാഗങ്ങൾക്കുള്ള 27% സംവരണം</u>

4262 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ രംഗത്ത് കേന്ദ്ര സർക്കാർ തീരുമാനിച്ച പിന്നോക്ക വിഭാഗങ്ങൾക്കുള്ള 27% സംവരണം നടപ്പിലാക്കുന്നത് പരിഗണിക്കുന്നുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ ഇപ്പോൾ എത്ര ശതമാനം സംവരണമാണ് നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എ. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ നടപടി</u>

4263 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, പി. അയിഷാ പോറ്റി
,, പി. റ്റി. എ. റഹീം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പദ്ധതിക്കായി അനുവദിക്കുന്ന കേന്ദ്ര ഫണ്ട് സംസ്ഥാനത്തെ സർക്കാർ-എയിഡഡ് മേഖലയുടെ പിന്നോക്കാവസ്ഥ മാറ്റുന്നതിന് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 27.06.2013–ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി വിദ്യാഭ്യാസപഠന കമ്മീഷൻ</u>

4264 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് പഠനം നടത്താൻ രൂപീകരിച്ച ലബ്ബ കമ്മിറ്റി എന്നാണ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത്?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>പ്ലസ് വൺ സീറ്റ് വർദ്ധിപ്പിക്കാൻ നടപടി</u>

4265 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്ലസ് വൺ ക്ലാസ്സുകളിലേക്ക് എല്ലാ കുട്ടികൾക്കും പ്രവേശനം ഉറപ്പാക്കാൻ പ്ലസ് വൺ നിലവിലുള്ള സ്കൂളുകളിൽ 20% സീറ്റുകൾ കൂടി വർദ്ധിപ്പിച്ചു നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പുതിയ ഹയർ സെക്കണ്ടറി സ്കൂൾ</u>

4266 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് ഹയർ സെക്കണ്ടറി പുതുതായി ഈ വർഷം അനുവദിച്ചു എന്നു പറയാമോ; എപ്രകാരമുളള സ്കൂളുകൾ ക്കാണ് ഹയർ സെക്കണ്ടറി അനുവദിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി പുതുതായി അനുവദിക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു എന്നു വ്യക്തമാക്കുമോ;

(സി) പുതുതായി ഹയർ സെക്കണ്ടറി അനുവദിച്ച സ്കൂളുകളുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ ജില്ലയിൽ സർക്കാർ മേലയിലുളള ഏതെല്ലാം സ്കൂളുകൾക്കും എയ്ഡഡ് മേഖലയിലെ ഏതെല്ലാം സ്കൂളുകൾക്കുമാണ് പുതിയ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ചതെന്ന് പറയാമോ;

(ഡി) ചേർത്തല താലൂക്കിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി ബാച്ചുകൾ പുതുതായി അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുളള സ്കൂളുകൾ ഏതെല്ലാമെന്നു പറയാമോ; ഇവയിൽ ഏതെല്ലാം സ്കൂളുകൾക്കാണ് പുതുതായി ഹയർ സെക്കണ്ടറി ബാച്ച് അനുവദിക്കുന്നത് എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ ബാച്ചുകൾ/കോഴ്സുകൾ</u>

4267 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 - 14 അധ്യയന വർഷത്തിൽ എത്ര സ്കൂളുകളിൽ ഹയർസെക്കണ്ടറി അനുവദിച്ചു; സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ചുള്ള കണക്ക് നൽകുമോ; സീറ്റുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഈ അധ്യയന വർഷം എത്ര ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ചുകൾ/കോഴ്സുകൾ അനുവദിച്ചു; സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ ഏതെല്ലാം സ്കൂളുകളിൽ പുതുതായി ഹയർസെക്കണ്ടറി അനുവദിച്ചിട്ടുണ്ട്; സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) പാലക്കാട് ജില്ലയിലെ എത്ര ഹയർസെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ചുകൾ/ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്; സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പ്ലസ് ടുവിന് അനുവദിച്ച അധികബാച്ചുകൾ</u>

4268 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഹയർ സെക്കന്ററിയിൽ എത്ര അധികബാച്ചുകൾ അനുവദിച്ചു; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്കൂളുകളെത്ര; എയ്ഡഡ് സ്കൂളുകളെത്ര; ജില്ലതിരിച്ചുള്ള പേരുവിവരം നൽകുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പ്ലസ് വൺ പ്രവേശനം</u>

4269 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു ടി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കുട്ടികളാണ് പ്ലസ് വൺ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്;

(ബി) ജില്ല തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പ്ലസ്വൺ സീറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പ്ലസ് വൺ സീറ്റുകൾ</u>

4270 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇപ്പോൾ നിലവിൽ എത്ര ഹയർസെക്കണ്ടറി സീറ്റുകാണ് പ്ലസ് വണ്ണിന് ഗവൺമെന്റ് എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററിയിൽ ഒഴിഞ്ഞുകിടന്ന സീറ്റുകൾ</u>

4271 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് എത്ര ഹയർ സെക്കണ്ടറി സീറ്റുകളാണ് ഉണ്ടായിരുന്നത്; ഗ്രൂപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് ഗ്രൂപ്പു തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് അൺ എയ്ഡഡ് മേഖലയിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകളാണ് ഉളളത്; കഴിഞ്ഞ അധ്യയന വർഷം എത്ര സീറ്റുകളാണ് ഉണ്ടായിരുന്നത്;

(ഡി) ഇതിൽ എത്ര സിറ്റുകൾ ഒഴിഞ്ഞുകിടന്നു; ഗ്രൂപ്പു തിരിച്ചു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വണ്ണിന് സീറ്റുകൾ</u>

4272 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വണ്ണിന് എത്ര സീറ്റുകളാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) സി.ബി.എസ്.ഇ. അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വണ്ണിന് എത്ര സീറ്റുകളാണുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

നാടകവും അനുബന്ധകലകളും ഹയര്‍ സെക്കണ്ടറി സ്കൂള്‍ പാഠ്യപദ്ധതിയില്‍ ഉള്‍പ്പെടുത്താന്‍ നടപടി

4273

ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാടകവും അനുബന്ധകലകളും (തീയേറ്റര്‍ ആന്റ് പെര്‍ഫോമിംഗ് ആട്സ്) ഹൈസ്കൂള്‍, ഹയര്‍ സെക്കണ്ടറി സ്കൂള്‍ പാഠ്യപദ്ധതികളുടെ ഭാഗമാക്കാന്‍ നടപടി സ്വീകരിക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം യൂണിവേഴ്സിറ്റികളില്‍ ഈ വിഷയത്തില്‍ ബിരുദ ക്ലാസ്സുകളും ബിരുദാനന്തരബിരുദ ക്ലാസ്സുകളും നടത്തുന്നുണ്ട്;

(സി) ഓരോ യൂണിവേഴ്സിറ്റിയിലും എത്ര വീതം വിദ്യാര്‍ത്ഥികള്‍ ബിരുദ ക്ലാസ്സുകളിലും ബിരുദാനന്തര ബിരുദ ക്ലാസ്സുകളിലും പഠിക്കുന്നുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സ്പോർട്സ് ക്വോട്ടയിൽ സീറ്റുകൾ</u>

4274 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സ്പോർട്സ് ക്വോട്ടയിൽ സീറ്റുകൾ അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും ആയത് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗവ:ഹയർ സെക്കണ്ടറി സ്കൂളിൽ സ്പോർട്സ് ക്വോട്ടയിൽ എത്ര സീറ്റുകളാണ് ഉണ്ടായിരുന്നത്; പ്രസ്തുത സീറ്റുകൾ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പെരിങ്ങോട്ടുകുറിശ്ശി എച്ച്.എസ്.എസ്.ലെ സ്പോർട്സ് ക്വോട്ട പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഓപ്പൺ സ്കൂളിൽ പ്ലസ് വണ്ണിന് രജിസ്റ്റർ ചെയ്തവർ

4275 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 അദ്ധ്യയന വർഷം സംസ്ഥാന ഓപ്പൺ സ്കൂളിൽ എത്ര വിദ്യാർത്ഥികളാണ് പ്ലസ് വണ്ണിന് രജിസ്റ്റർ ചെയ്തത്;

(ബി) ഓപ്പൺ സ്കൂളിന് സംസ്ഥാനത്ത് എത്ര പഠന കേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറിക്ക് ജില്ലാതല ഓഫീസുകൾ

4276 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് എത്ര മേഖലാ ഓഫീസുകൾ ഉണ്ടെന്നും അവയുടെ പരിധിയിൽ വരുന്ന ജില്ലകളും വിശദീകരിക്കാമോ;

(ബി) കൂടുതൽ പ്ലസ്ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്ന സാഹചര്യത്തിൽ ഹയർ സെക്കണ്ടറിക്ക് ജില്ലാതല ഓഫീസുകൾ ആരംഭിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി

4277 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നഗരാതിർത്തിയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകൾ ഏവ; ഇവയിൽ വാടകകെട്ടിടങ്ങളിലും സ്കൂൾ കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നവ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾ ഏകോപിപ്പിച്ച് ഒരു സമുച്ചയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഗവൺമെന്റ് യു.പി. സ്കൂളിന്റെ ഭൂമി വിട്ടുനൽകുന്നതിന് നടപടി</u>

4278 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കട വിദ്യാഭ്യാസ ഉപജില്ലയിലെ പുഴക്കാട്ടിരിയിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ചൊവ്വാണ ഗവൺമെന്റ് യു.പി. സ്കൂളിന്റെ അധികമായുള്ള ഭൂമി, വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പുഴക്കാട്ടിരി ഗവൺമെന്റ് ഐ.ടി. ഐ.ക്ക് കെട്ടിടം പണിയുന്നതിനായി വിട്ട് നൽകണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളിന്റെ ഭൂമിയിൽ നിന്നും കെട്ടിടം പണിയുന്നതിനാവശ്യമായ ഭൂമി വിട്ട് നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ സി.ബി.എസ്.ഇ സ്കൂളുകൾ</u>

4279 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുതുതായി സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) നൽകാനുള്ള തീരുമാനമുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകൾക്കാണ്;

(ഡി) നിലവിലുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളും അംഗീകാരം നൽകുന്ന ഓരോ സി.ബി.എസ്.ഇ സ്കൂളും തമ്മിലുള്ള ദൂരം എത്രയാണ് എന്ന് പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി വിനിയോഗിച്ച തുക</u>

4280

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച തുകയിൽ നിന്നും സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി എത്ര തുക വിനിയോഗിച്ചു;

(ബി) ഈ സാമ്പത്തിക വർഷം ഹയർ സെക്കണ്ടറി സ്കൂളുകളുടെ പശ്ചാത്തല വികസനത്തിന് എത്ര രൂപ മാറ്റിവെച്ചിട്ടുണ്ട്;

(സി) കൊണ്ടോട്ടി മണ്ഡലത്തിൽ ഹയർ സെക്കന്ററി സ്കൂളുകളിൽ സയൻസ് ബ്ലോക്കിന് പണം അനുവദിക്കണമെന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

അൺ ഇക്കണോമിക് സ്കൂളുകൾ

4281 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയിഡഡ് മേഖലയിൽ 2010-11 വർഷത്തിൽ എത്ര അൺ ഇക്കണോമിക് സ്കൂളുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13-ൽ എത്ര അൺ ഇക്കണോമിക് എന്ന് വിശേഷിക്കപ്പെടുന്ന സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ</u>

4282 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഹയർ സെക്കന്ററി സ്കൂളുകൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും സ്കൂളുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കാനുള്ള മാനദണ്ഡം ഏതെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ സൗകര്യങ്ങളുള്ള യു.പി സ്കൂളുകളെ ഹയർ സെക്കന്ററി സ്കൂളുകൾക്കായി പരിഗണിക്കുമോ;

(ഇ) പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ വർഷവും എത്ര രൂപ അധിക ബാദ്ധ്യത വരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>അമ്പലപ്പുഴ മണ്ഡലത്തില്‍ ഹയര്‍സെക്കന്ററി സ്കൂളുകള്‍ ആരംഭിക്കാന്‍ നടപടി</u>

4283 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തില്‍ സര്‍ക്കാര്‍ മേഖലയിലോ, എയിഡഡ് മേഖലയിലോ ഹയര്‍ സെക്കന്ററി സ്കൂള്‍ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകള്‍ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിലെ പറവൂര്‍ ഗവണ്‍മെന്റ് ഹൈസ്കൂള്‍, സെന്റ് ജോസഫ് ഹൈസ്കൂള്‍, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിലെ കാക്കാഴം ഗവണ്‍മെന്റ് ഹൈസ്കൂള്‍ എന്നിവിടങ്ങളില്‍ ഈ അധ്യയന വര്‍ഷം പ്ലസ് വണ്‍ ക്ലാസ്സുകള്‍ ആരംഭിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

മലബാറിലെ എല്ലാ പഞ്ചായത്തുകളിലും ഹയര്‍ സെക്കന്ററി സ്കൂളുകള്‍ ആരംഭിക്കുന്നതിന് നടപടി

4284 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ.ഉ(എം.എസ്) നം.128/2010 പൊ.വി.വ പ്രകാരം 20-7-2010-ന് മലബാറിലെ എല്ലാപഞ്ചായത്തുകളിലും ഹയര്‍ സെക്കന്ററി സ്കൂളുകള്‍ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത സ്കൂളുകളില്ലാത്തത് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഹയര്‍ സെക്കന്ററി സ്കൂളുകള്‍ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹയര്‍ സെക്കന്ററി സ്കൂളുകള്‍ ഈ വര്‍ഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) ഈ പ്രഖ്യാപനം നടപ്പിലാക്കുന്നത് കൊണ്ട് മലബാറിന് എന്തെങ്കിലും ഗുണം ലഭിക്കുമെന്ന് കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ആലത്തൂർ നിയോജകമണ്ഡലത്തിൽ പുതിയ ഹയർ സെക്കന്ററി സ്കൂൾ</u>

4285 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും പുതിയ ഹയർ സെക്കന്ററി സ്കൂൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) പുതിയ പ്ലസ് വൺ ബാച്ചുകൾ തുടങ്ങുന്നതിനായി ഏതെല്ലാം സ്കൂളുകളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഏതെല്ലാം സ്കൂളുകൾക്കാണ് അധിക ബാച്ചുകൾ അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഇ) എരിമയൂർ പഞ്ചായത്തിലെ കുനിശ്ശേരി ഗവ. ഹയർ സെക്കന്ററി സ്കൂൾ പുതിയ ബാച്ച് അനുവദിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ളതായി അറിയുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ കേന്ദ്രീയ വിദ്യാലയങ്ങൾ</u>

T4286 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കാൻ ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അധ്യാപകരായ പഞ്ചായത്ത് പ്രസിഡന്റുമാര്‍</u>

4287 ശ്രീ.റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അധ്യാപകരായ എത്ര പഞ്ചായത്ത് പ്രസിഡന്റുമാര്‍ ഉണ്ടെന്നും, അവരാരെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്ത് പ്രസിഡന്റുമാരുടെ ജോലി ക്രമീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങള്‍ സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍ അവ പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>വിദ്യാലയങ്ങളിൽ കായികാധ്യാപക തസ്തികകൾ</u>

4288 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എൽ.പി., യു.പി, ഹൈസ്ക്കൂൾ വിദ്യാലയങ്ങളിൽ എത്ര കായികാധ്യാപക തസ്തികകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ഹയർസെക്കന്ററി വിദ്യാലയങ്ങളിൽ കായികാധ്യാപക തസ്തികകൾ നിലവിലുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) നിലവിലെ കായികാദ്ധ്യാപക ഒഴിവുകളെല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>അധ്യാപക പാക്കേജ്</u>

4289

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധ്യാപക പാക്കേജ് വഴി നിയമനം ലഭിച്ചിട്ടുള്ള അധ്യാപകർക്ക് പാക്കേജിൽ ഉൾപ്പെടുത്തിയ തീയതിമുതലുള്ള ശമ്പളത്തിന് അർഹത ഉണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ശമ്പളം മാറുന്നതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അധ്യാപക പാക്കേജിൽ ഉൾപ്പെട്ടവർക്ക് പുതിയതായി പ്രോവിഡന്റ് ഫണ്ട്, എസ്. എൽ.ഐ., ജി.ഐ.എസ് തുടങ്ങിയവ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; ഇല്ലെങ്കിൽ ആയവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) അധ്യാപക പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്ന എത്ര അധ്യാപകർക്ക് നിലവിൽ പി. എഫ്. , എസ്. എൽ.ഐ., ജി.ഐ.എസ് എന്നിവ ഉണ്ട്?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>അധ്യാപകർക്ക് ഹെഡ്മാസ്റ്റർ ആകുന്നതിനുള്ള യോഗ്യത</u>

4290 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിഭാഗം അധ്യാപകർക്ക് ഹെഡ്മാസ്റ്റർ ആകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു;

(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നാളിതുവരെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ ആകുന്നതിനുള്ള യോഗ്യത എന്തായിരുന്നു;

(ഡി) പുതിയ ഉത്തരവ് പുറപ്പെടുവിച്ചതിലൂടെ ഇപ്പോൾ ഏതെല്ലാം യോഗ്യതയുള്ളവർക്ക് ഹെഡ്മാസ്റ്റർ ആകാൻ കഴിയും; പ്രസ്തുത യോഗ്യത വ്യക്തമാക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സംസ്ഥാന വ്യാപകമായി വിദ്യാഭ്യാസ വകുപ്പിൽ പ്രാബല്യത്തിൽ വരുന്ന ഉത്തരവുകൾ ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥരാണ് പുറപ്പെടുവിക്കുന്നത്;

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

എച്ച്.എസ്.എസ്.ടി. ബൈട്രാൻസ്ഫർ നിയമനം

4291 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ എച്ച്.എസ്.എസ്.ടി ബൈട്രാൻസ്ഫർ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നത് യോഗ്യരായ അധ്യാപകരെ ഒറ്റയൂണിറ്റായി സീനിയോറിറ്റി പരിഗണിച്ചാണോ;

(ബി) യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ 2008-ലെ ഒഴിവുകൾ 2009, 2010, 2011 വർഷങ്ങളിൽ യോഗ്യത നേടിയവർക്കു നൽകുമോ; ഇല്ലെങ്കിൽ നേരിട്ടുള്ള നിയമനത്തിനായി നീക്കിവയ്ക്കുമോ;

(സി) ഒഴിവുകൾക്ക് ആനുപാതികമായി അപേക്ഷകരില്ലാത്ത കോമേഴ്സ്, ജേർണലിസം, സൈക്കോളജി തുടങ്ങിയ വിഷയങ്ങളിൽ നോട്ടിഫിക്കേഷൻ തീയതിക്കകം യോഗ്യത നേടിയ മുഴുവൻ അധ്യാപകർക്കും നിയമനം നൽകുമോ;

(ഡി) മാറ്റിവച്ച 25% പ്രൊമോഷൻ ക്വാട്ടയിൽ നേരിട്ട് നിയമനം നടത്താതെ അവർക്കുതന്നെ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ബൈട്രാൻസ്ഫർ നിയമനത്തിനുള്ള ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ നിയമന നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സംരക്ഷിത അദ്ധ്യാപക നിയമനം</u>

4292 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ എയ്ഡഡ് മേഖലയിലുളള എൽ.പി. സ്കൂളുകളിൽ 2012-13 അധ്യയനവർഷത്തിൽ എത്ര എൽ.പി.എസ്.എ. തസ്തികകളാണ് അധികമായി അനുവദിച്ചതെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികകളിൽ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) സംരക്ഷിത അധ്യാപകർ മാതൃസ്ഥാപനത്തിൽ ഒഴിവുവരുമ്പോൾ, സർക്കാർ സ്കൂളുകളിൽ നിന്ന് തിരിച്ചുപോകണമെന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ എത്ര അധ്യാപകർ തിരിച്ചുപോയിട്ടുണ്ടെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

കൊല്ലം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

T4293 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ഏതെല്ലാം സ്കൂളുകളിലാണ് ഒഴിവുകൾ നിലവിലുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എൽ. പി. എസ്. എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം</u>

4294

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എത്ര എൽ. പി. എസ്. എ. തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് അറിയിക്കുമോ; 2012 ൽ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്ത തസ്തികകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേർക്ക് നിയമനം നല്കി എന്ന് അറിയിക്കുമോ;

(സി) തൃശൂർ ജില്ലയിലെ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

(ഡി) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ. പി. എസ്. എ. റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയില്‍ അധ്യാപകരുടെ തസ്തികകള്‍</u>

4295 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ വിവിധ സര്‍ക്കാര്‍ വിദ്യാലയങ്ങളില്‍ എത്ര അധ്യാപകരുടെ തസ്തികകള്‍ ഒഴിഞ്ഞ് കിടപ്പുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ജില്ലയില്‍ സോഷ്യല്‍ സ്റ്റഡീസ് തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് നിലവില്‍ വന്നതെന്നും ഇതില്‍ നിന്ന് എത്ര പേര്‍ക്ക് നിയമനം നല്‍കിയെന്നും അറിയിക്കാമോ;

(ഡി) ഈ തസ്തികയില്‍ ജില്ലയില്‍ നിലവില്‍ എത്ര ഒഴിവുകളുണ്ട്; ഈ ഒഴിവുകള്‍ പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അധ്യാപക ബാങ്കിലേയ്ക്ക് മാറ്റപ്പെട്ട അധ്യാപകർ</u>

4296

ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 30-10-2012 ലെ ജി. ഒ.(പി) 354/12/പൊ.വി. പ്രകാരം പത്തനംതിട്ട ജില്ലയിൽ എൽ. പി. സ്കൂളുകളിൽ എത്ര പ്രൊട്ടക്ട്ഡ് അധ്യാപകരെ അധ്യാപക ബാങ്കിലേയ്ക്ക് മാറ്റിയിട്ടുണ്ട്;

(ബി) അപ്രകാരം മാറ്റിയിട്ടില്ലെങ്കിൽ അതിനുളള കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ മാറ്റിയത് മൂലമുണ്ടാകുന്ന ഒഴിവുകൾ എത്ര എണ്ണം പി.എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തു?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എയിഡഡ് വിദ്യാലയങ്ങളിൽ ആശ്രിത നിയമനം</u>

4297 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയിഡഡ് വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകരും, അനധ്യാപകരും സർവ്വീസിലിരിക്കെ മരണപെട്ടാൽ ആശ്രിതർക്കു ജോലി നൽകുന്ന നിയമം എന്നു മുതൽ പ്രാബല്യത്തിൽ വന്നുവെന്നു വ്യക്തമാക്കുമോ;

(ബി) കെ.ഇ.ആർ അധ്യായം XIV-A റൂൾ 51 ബി പ്രകാരം എത്ര ആശ്രിതർക്ക് ഇതുവരെ എയിഡഡ് മേഖലയിൽ ജോലി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) എയിഡഡ് മേഖലയിലെ ആശ്രിത നിയമനത്തിനുളള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

സ്കൂളുകളിൽ പ്രീ പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

4298 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി അദ്ധ്യാപകർക്ക് പ്രീപ്രൈമറി അദ്ധ്യാപകരായി മാറ്റം നൽകുന്നതിന് ഗവൺമെന്റ് തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) നിലവിൽ പി.റ്റി.എ യുടെ ചുമതലയിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ പ്രീപ്രൈമറി ആരംഭിക്കുന്നത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത്തരം പ്രീപ്രൈമറി ക്ലാസ്സുകൾ നടത്തുന്നതിലൂടെ വിദ്യാർത്ഥികൾ സർക്കാർ സ്കൂളുകളിൽ തന്നെ തുടർന്ന് പഠിക്കുന്നതിന് സാദ്ധ്യതയുള്ളതാകയാൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉതകുന്നതിന് പ്രീപ്രൈമറി ക്ലാസുകൾ സർക്കാർ സ്കൂളിൽ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ടീച്ചേഴ്സ് ബാങ്ക് റീട്രെൻച്ഡ് ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ</u>

4299 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ ആർ. യു. പി. സ്കൂളിൽ 09.10.2006 മുതൽ സ്ഥിരം ഒഴിവിൽ അദ്ധ്യാപകനായി ജോലി ചെയ്തു വന്നിരുന്ന ശ്രീ. ജോസൺജോർജ്ജിന് ഡിവിഷൻ കുറവുമൂലം ജോലി നഷ്ടപ്പെട്ടതിനെ തുടർന്ന് ടീച്ചേഴ്സ് ബാങ്ക് റീട്രെൻച്ഡ് ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത് എന്നറിയിക്കാമോ;

(ബി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

റിട്ടയേർഡ് ഹെഡ്മിസ്ട്രസ് സമർപ്പിച്ച അപ്പീൽ

4300 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ സെന്റ് ആന്റണീസ് സി.എച്ച്.എസ്., കോട്ടാറ്റിലെ റിട്ടയേർഡ് ഹെഡ്മിസ്ട്രസ് സിസ്റ്റർ ജോയ്സിയുടെ 10.1.1983 മുതലുളള സർവ്വീസ് സംബന്ധമായ ഓഡിറ്റ് ഒബ്ജക്ഷനെതിരെ സമർപ്പിച്ചിരുന്ന അപ്പീലിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഓഡിറ്റ് ഒബ്ജക്ഷനെതിരെയുളള അപ്പീലിൽ തീർപ്പുകൽപ്പിക്കുന്നതിനും, നിയമനം റെഗുലറൈസ് ചെയ്യുന്നതിനും, പ്രൊബേഷൻ, ഇൻക്രിമെന്റ്, ഫിക്സേഷൻ തുടങ്ങിയവ നിശ്ചയിച്ചു കിട്ടുന്നതിനും, പെൻഷൻ തുടങ്ങി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമായുളള പ്രസ്തുത അപേക്ഷയിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ശ്രീമതി. എമിലിയുടെ നിയമനത്തിന് അംഗീകാരം

4301 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലെ ചെറിയനാട് ശ്രീ. വിജയേശ്വരി ഹൈസ്കുളിലെ ക്ലർക്കായ ശ്രീമതി എസ്. എമിലിയുടെ നിയമനം അംഗീകരിക്കാതെ നിരസിച്ചത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) നിയമനം നിരസിച്ച മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ തന്നെ അപ്പീലിൽ മേലുള്ള റിമാർക്സിൽ നിയമനം അംഗീകരിക്കുന്നതിന് തടസങ്ങൾ ഒന്നും തന്നെ ഇല്ല എന്ന് ശുപാർശ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റിട്ടയർമെന്റ് വേക്കൻസിയിൽ സീനിയർ മോസ്റ്റ് റൂൾ 43 ക്ലെമന്റ് ആയി ശ്രീമതി എമിലിയുടെ നിയമനം നിരസിച്ചത് മൂലം ടി തസ്തികയിലും, മറ്റ് അനുബന്ധ തസ്തികകളിലും കഴിഞ്ഞ രണ്ട് വർഷക്കാലമായി ശമ്പളമില്ലാതെ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അപ്പീൽ പെറ്റിഷനിൽ നടപടികൾ എവിടെവരെ ആയി എന്ന് വിശദമാക്കുമോ;

(ഇ) അപ്പീൽ പരിഗണിച്ച് നിയമനം അംഗീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കാരണമില്ലാതെ നിയമനം നിരസിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ</u>

4302 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിൽ മിനിമം വേതനം പോലും നൽകാതെ അധ്യാപകരെ മാനേജ്മെന്റ് ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെ സഹായിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് അൺ എയ്ഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി നൽകുമ്പോൾ അധ്യാപകർക്കും, ജീവനക്കാർക്കും മിനിമം വേതനം നൽകുന്നത് സംബന്ധിച്ച സത്യവാങ്മൂലം വാങ്ങുന്നുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ചെയ്യുമോ;

(സി) അൺ എയ്ഡഡ് മേഖലയിലെ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മീഷനെ നിയമിക്കുമോ;

(ഡി) അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാരേയും രക്ഷകർത്താക്കളേയും മാനേജ്മെന്റ് ചൂഷണം ചെയ്യുന്നത് തടയാൻ നിയമനിർമ്മാണം നടത്തുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഹോളി മേരി സെന്റർ സ്കൂളിലെ അധ്യാപകർ നൽകിയ പരാതി

4303 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളായ ഹോളി മേരി സെന്റർ സ്കൂളിലെ അധ്യാപകർ സേവന-വേതനവുമായി ബന്ധപ്പെട്ട് മാനേജ്മെന്റിനെതിരെ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന് വിശദമാക്കാമോ;

(സി) അൺ എയ്ഡഡ് സ്കൂളുകളിലെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

കായംകുളം നിയോജക മണ്ഡലത്തിലെ എസ്.കെ.വി.എച്ച്.എസ് സ്കൂളിന്റെ ഉടമസ്ഥതയെക്കുറിച്ചുള്ള തർക്കം

4304 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം നിയോജക മണ്ഡലത്തിലെ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ സ്വകാര്യ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന എസ്.കെ.വി.എച്ച്.എസ്, എരുവ സ്കൂളിന്റെ ഉടമസ്ഥതയെക്കുറിച്ചുള്ള തർക്കത്തെ തുടർന്ന് സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളിൽ ശ്രദ്ധിക്കാനോ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കാനോ മാനേജ്മെന്റ് ശ്രമിക്കാത്ത അവസ്ഥയെക്കുറിച്ചുള്ള അദ്ധ്യാപകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വയംഭരണം നടപ്പാക്കുന്നത് സംബന്ധിച്ച്</u>

4305

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വയംഭരണം നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ.

(ബി) എങ്കിൽ ആരൊക്കെയാണ് കമ്മീഷൻ അംഗങ്ങൾ; ചെയർമാൻ ആരായിരുന്നു; എന്തൊക്കെ നിഗമനങ്ങളാണ് കമ്മീഷൻ കണ്ടെത്തിയത്; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കമ്മീഷൻ പ്രവർത്തനങ്ങൾക്ക് എന്ത് തുക ചെലവഴിച്ചു;

(ഇ) വിദ്യാഭ്യാസ മേഖലയിലെ സർക്കാർ നിയന്ത്രണം ഒഴിവാക്കി സ്വയംഭരണം നടപ്പാക്കുന്നത് വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവല്ക്കരണത്തിനും, പലവിധ ചൂഷണങ്ങൾക്കും, സ്വകാര്യമേഖലയുടെ കടന്നുകയറ്റങ്ങൾക്കും ഇടയാക്കുമെന്നും സർക്കാരിന് വിദ്യാഭ്യാസ മേഖലയുടെ നിയന്ത്രണം നഷ്ടപ്പെടും എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് ഒരു സർവ്വകക്ഷി പഠനസംഘത്തെ സർക്കാർ നിയോഗിക്കാനും പ്രസ്തുത സംഘത്തിന്റെ പഠന റിപ്പോർട്ട്കൂടി വാങ്ങി പരിശോധിച്ചശേഷം മാത്രം ഇക്കാര്യം നടപ്പിലാക്കുവാനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കോളേജുകൾക്കുള്ള സ്വയംഭരണ അവകാശം</u>

4306 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കോളേജുകൾക്കാണ് സ്വയം ഭരണാവകാശം നൽകുവാൻ തീരുമാനിച്ചിട്ടുള്ളത് ;

(ബി) എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതുസംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ;

(സി) പാലക്കാട് ജില്ലയിലെ പട്ടാമ്പി ശ്രീ. നീലകണ്ഠ ഗവ. സംസ്കൃത കോളേജ്, മികവിന്റെ കേന്ദ്രമാക്കാനുള്ള നടപടി പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

സ്കോളര്‍ - ഇന്‍ റസിഡന്‍സ് പ്രോഗ്രാം

4307 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ സര്‍വ്വകലാശാലകളിലാണ് സ്കോളര്‍-ഇന്‍-റസിഡന്‍സ് പ്രോഗ്രാം സജീവമായി നടപ്പിലാക്കി വരുന്നത്;

(ബി) പദ്ധതിയിലൂടെ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്; ആയതിന്റെ പ്രവര്‍ത്തനം വിശദമാക്കാമോ;

(സി) പുതിയ പ്രതിഭകളെ പ്രസ്തുത പദ്ധതിയിലൂടെ കണ്ടെത്തുന്നതിനുള്ള തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>സ്കോളർ സപ്പോർട്ട് പ്രോഗ്രാം</u>

4308 ശ്രീ. പാലോട് രവി
'' കെ. മുരളീധരൻ
'' പി. സി. വിഷ്ണുനാഥ്
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിദ്യാർത്ഥികളെയാണ് ഈ പ്രോഗ്രാമിന്റെ കീഴിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായവും ബോധന സാമഗ്രികളുമാണ് ഈ പ്രോഗ്രാമനുസരിച്ച് നൽകുന്നത്;

(ഡി) ഏത് അദ്ധ്യയന വർഷം മുതലാണ് ഈ പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

'വാക്ക് വിത്ത് എ സ്കോളർ' പദ്ധതി

4309 ശ്രീ. ലൂഡി ലൂയിസ്
'' പി. സി. വിഷ്ണുനാഥ്
'' ആർ. സെൽവരാജ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വാക്ക് വിത്ത് എ സ്കോളർ' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിദഗ്ധരുടെ ഉപദേശങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതി ഏത് അധ്യയന വർഷം മുതലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

**'നാക്ക്'ന്റെ അംഗീകാരം ലഭിച്ച കോളേജുകളുടെ വിശദാംശം**

4310 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര സർക്കാർ കോളേജുകൾക്ക് 'നാക്ക്''ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) 'നാക്ക്''ന്റെ അംഗീകാരം ലഭിച്ചതിന്ശേഷം ഏതെല്ലാം കോളേജുകളുടെ അംഗീകാരം നഷ്ടപ്പെട്ടു; അംഗീകാരം നഷ്ടപ്പെടാനുള്ള കാരണം; വിശദാംശം ലഭ്യമാക്കുമോ;

(സി) 2010-11, 2011-12, 2012-13 വർഷങ്ങളിൽ 'നാക്ക്''ന്റെ അംഗീകാരം ലഭിക്കത്തക്ക വിധത്തിലുള്ള പദ്ധതികൾ നടപ്പാക്കാൻ എന്തു തുക വീതം വകയിരുത്തി; ആയതിൽ എന്തു തുക ഓരോ വർഷവും ചെലവാക്കി; വ്യക്തമാക്കുമോ;

(ഡി) 'നാക്ക്''നെ അംഗീകരിക്കുവാൻ കോളേജുകളിൽ ബന്ധപ്പെട്ട വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ

4311 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ കോളേജിന്റെ പേര്, സർക്കാർ, എയ്ഡഡ്, അനുവദിച്ച കോഴ്സ് എന്നിവ വ്യക്തമാക്കുമോ;

(ബി) ഈ അധ്യയന വർഷം കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുക എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ കോളേജ്</u>

4312 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ കോളേജ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശം തയ്യാറാക്കി ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പുതിയ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ</u>

4313 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങളിൽ പ്രസ്തുത കോളേജുകൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഓൾ ഇന്ത്യ സർവ്വീസിന് പഠന കേന്ദ്രങ്ങൾ

T4314 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓൾ ഇന്ത്യ സർവ്വീസിന് വിദ്യാർത്ഥികളെ സജ്ജമാക്കുവാൻ കേരളത്തിൽ എവിടെയെല്ലാമാണ് പഠന കേന്ദ്രങ്ങൾ ഉള്ളത് എന്ന് വ്യക്കമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്നും ഉള്ള സൗകര്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ പ്രവർത്തനം</u>

4315

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്ന് സ്ഥാപിക്കാൻ കഴിയും; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

സയൻസ് പാർക്കിലെ കരിങ്കൽ ഭിത്തി നിർമ്മാണം

4316

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ സയൻസ് പാർക്കിൽ കരിങ്കല്ല് ഭിത്തി കെട്ടുന്നതിന് എത്ര ലക്ഷം രൂപക്കാണ് ടെൻഡർ കൊടുത്തിട്ടുളളത്;

(ബി) പി. ഡബ്ല്യൂ. ഡി. നിയമപ്രകാരമുളള മാനദണ്ഡങ്ങൾ പാലിച്ചിട്ടാണോ ടെൻഡർ കൊടുത്തിട്ടുളളത്; എങ്കിൽ ഏതൊക്കെ മാനദണ്ഡങ്ങൾ പാലിച്ചാണ് കരാർ കൊടുത്ത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പണി പൂർത്തിയായപ്പോൾ കരാറുകാരന് എന്ത് തുക കൊടുത്തു; കരാറുകാരന്റെ പേര്, പി. ഡബ്ള്യൂ. ഡി. ലൈസൻസ് നമ്പർ എന്നിവ വ്യക്താക്കുമോ?

# കേരള നിയമസഭ
## 27.06.2013–ലെ മറുപടിക്ക്

സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ സ്റ്റെയർ നിർമ്മാണം

4317 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ പ്ലാനിറ്റേറിയത്തിൽ ഡൂം-ൽ സ്ഥാപിച്ചിട്ടുളള റൂഫ്ടോപ്പ് ഒബ്സർവേറ്ററിയിൽ കയറുന്നതിനുളള സ്റ്റെയർ പണിയുന്നതിന് 2012-ൽ എത്ര ലക്ഷം രൂപയ്ക്കാണ് ടെൻഡർ കൊടുത്തത്; ഇതിന്റെ ഓർഡർ നമ്പർ, തീയതി എന്നിവ വ്യക്തമാക്കുമോ; പി.ഡബ്ല്യു.ഡി. ലൈസൻസ് ഉളള കരാറുകാരനാണോ കരാർ എടുത്തത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്റ്റെയറിൽ എത്ര പടികളുണ്ട്; ഓരോ പടിക്കും എത്ര രൂപ വച്ചാണ് ടെൻഡർ കൊടുത്തത്; ഏത് ലോഹം കൊണ്ടാണ് പണിതിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; സ്റ്റെയർ പണി പൂർത്തിയായപ്പോൾ കരാറുകാരന് എത്ര ലകഷം രൂപ കൊടുത്തിട്ടുണ്ട്; പ്രസ്തുത കരാറുകാരന്റെ പേര്, പി.ഡബ്ല്യു.ഡി. ലൈസൻസ് നമ്പർ എന്നിവ വ്യക്തമാക്കുമോ;

(സി) പി.ഡബ്ല്യു.ഡി. നിരക്ക് പ്രകാരമാണോ ഈ പണി കരാറുകാരന് കൊടുത്തിട്ടുളളത്; ഏതൊക്കെ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്; ഈ കരാർ വിളിച്ചത് സംബന്ധിച്ച് പത്ര പരസ്യം നൽകിയിട്ടുണ്ടോ; എങ്കിൽ പത്രപരസ്യത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

**<u>സർക്കാർ/സ്വാശ്രയ മേഖലകളിലെ പ്രഫഷണൽ കോളേജുകളിലെ സീറ്റുകളുടെ വിശദാംശം</u>**

4318 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ,സ്വാശ്രയ മേഖലകളിൽ ആകെ എത്ര പ്രൊഫഷണൽ കോളേജുകളാണ് ഉള്ളത്; അവയിൽ ഓരോന്നിലും എത്ര സീറ്റുകളാണ് ഉള്ളത് ; അറിയിക്കുമോ;

(ബി) കഴിഞ്ഞ വർഷം ഓരോ സ്ഥാപനത്തിലും എത്ര സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നത്; അറിയിക്കുമോ;

(സി) പുതുതായി സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച ഏതെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ സംസ്ഥാനത്ത് ഇനി കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായി പഠനം നടത്തുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ മേഖലാ ഓഫീസ് സ്ഥാപിക്കാൻ നടപടി

4319 ശ്രീ. സണ്ണി ജോസഫ്
,, എ.റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പഠനം കാര്യക്ഷമമാക്കാൻ ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ മേഖലാ ഓഫീസ് സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സമയപരിധി</u>

4320 ശ്രീ. എ. കെ. ബാലൻ
'' ആർ.രാജേഷ്
'' റ്റി.വി. രാജേഷ്
'' കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവാരം കുറഞ്ഞ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സർക്കാർ സമയ പരിധി നിശ്ചയിച്ചിട്ടുണ്ടായിരുന്നോ;

(ബി) ഏത് രീതിയിലുള്ള നിലവാരം മെച്ചപ്പെടുത്തലാണ് നിർദ്ദേശിച്ചിരുന്നത്;

(സി) പ്രസ്തുത സമയപരിധി പിന്നീട് ദീർഘിപ്പിക്കുകയുണ്ടായോ; എങ്കിൽ കാരണമെന്താണ്;

(ഡി) ഇക്കാര്യം സംബന്ധിച്ച് ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ പ്രസ്തുത നടപടി; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടുന്ന എസ്.റ്റി. വിഭാഗം വിദ്യാർത്ഥികളുടെ വിശദാംശം

T4321 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടുന്ന എസ്.റ്റി. വിഭാഗം വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ശേഖരിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പരിശോധിക്കാൻ തയ്യാറാകുമോ;

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ എസ്.റ്റി. വിഭാഗം വിദ്യാർത്ഥികൾക്കായി വിവിധ കോഴ്സുകളിലായി എത്ര സീറ്റുകളാണ് ഉള്ളത്; 2011-12, 2012-13 അക്കാദമിക് വർഷങ്ങളിൽ എത്ര കുട്ടികൾക്ക് ഈ കോഴ്സുകളിൽ പ്രവേശനം ലഭിച്ചു; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ പ്രൊഫഷണൽ കോളേജുകളിൽ എസ്.റ്റി. വിഭാഗം വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിൽ സർക്കാർ ക്വാട്ടയിൽ എത്ര സീറ്റുകളാണ് ഉള്ളത്; 2011-12, 2012-13 അക്കാഡമിക് വർഷങ്ങളിൽ എത്ര കുട്ടികൾക്ക് ഈ സീറ്റുകളിൽ പ്രവേശനം ലഭിച്ചു; വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ അഞ്ച് അക്കാദമിക് വർഷങ്ങളിൽ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയ എസ്.റ്റി. വിദ്യാർത്ഥികളുടെ എണ്ണവും, കോഴ്സ് പൂർത്തിയാക്കിവരുടെ എണ്ണവും, വിജയിച്ചവരുടെ എണ്ണവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള തീരുമാനം</u>

4322 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, പി.കെ. ബഷീർ
,, എൻ.എ. നെല്ലിക്കുന്ന്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വകാര്യ ഉന്നതവിദ്യാഭ്യാസ മേഖലയുടെ കച്ചവട താല്പര്യങ്ങളെ നിയന്ത്രിച്ച് പാവപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് എത്രത്തോളം സഹായകരമാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സർക്കാർ/എയ്ഡഡ് മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ</u>

4323

ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിൽ നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടെന്നും ഇതിൽ എത്ര കോളേജുകൾ സർക്കാർ/എയ്ഡഡ് മേഖലയിൽ ഉണ്ടെന്നും, സഹകരണ/സ്വാശ്രയമേഖലയിൽ എത്ര കോളേജുകൾ ഉണ്ടെന്നും ഇവിടങ്ങളിൽ എത്ര സീറ്റുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പി. എ. അസീസ് കോളേജ്</u>

4324 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കരകുളത്ത് സ്ഥിതിചെയ്യുന്ന പി.എ. അസീസ് കോളേജിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരാതിയിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>വികലാംഗരായ ഉദ്യോഗാർത്ഥികളുടെ നിയമന യോഗ്യത</u>

4325 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. ജി. സി. നടത്തുന്ന നെറ്റ് പരീക്ഷക്ക് അപേക്ഷിക്കാൻ വികലാംഗരായ അപേക്ഷകർക്ക് 50% മാർക്ക് മതിയെന്നിരിക്കെ പി. എസ്. സി. ലക്ചറർ പരീക്ഷക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ 55% മാർക്ക് വേണമെന്ന നിബന്ധന കാരണം പല വികലാംഗരായ നെറ്റ് പാസ്സായ ഉദ്യോഗാർത്ഥികൾക്കും അപേക്ഷിക്കാൻ സാധിച്ചിട്ടില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം സംഭവിച്ചത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) യു. ജി. സി. നടത്തുന്ന നെറ്റ് പരീക്ഷ പാസായ വികലാംഗരായ ഉദ്യോഗാർത്ഥികളിൽ 50% മാർക്ക് ലഭിച്ചവർക്കും പി. എസ്. സി. അപേക്ഷ ക്ഷണിക്കുന്ന ലക്ചറർ തസ്തികകളിലേക്ക് അപേക്ഷിക്കാൻ ആവശ്യമായ നിയമഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കോളേജ് ലൈബ്രേറിയൻ</u>

4326

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. ജി. സി. ആക്ട് പ്രകാരം കേരളത്തിലെ 12ബി, 2എഫ് എന്നീ കാറ്റഗറിയിലുളള എയ്ഡഡ് സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ കോളേജ് ലൈബ്രേറിയൻ (യു.ജി.സി/ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രൈവറ്റ് എയ്ഡഡ് ആർട്സ്& സയൻസ് കോളേജുകളിൽ ലൈബ്രറി ഗ്രേഡിംഗ് നടത്തിയത് ജി. ഒ(എംഎസ്) 119/2004/എച്ച്. ഇ.ഡി.എൻ. തീയതി 17-9-2004 പ്രകാരവും എന്നാൽ സർക്കാർ കോളേജുകളിൽ ജി. ഒ.(ആർടി) നം. 2065/10/എച്ച്. ഇ.ഡി.എൻ. തീയതി 25-10-2010 പ്രകാരവുമായ വിവേചനം ഉണ്ടാകുവാനുളള സാഹചര്യം വ്യക്തമാക്കുമോ;

(സി) ജി.ഒ. (എം.എസ്) 58/2010/എച്ച്.ഇ.ഡി.എൻ ഉത്തരവ് പ്രകാരം മുഴുവൻ യോഗ്യരായ ലൈബ്രേറിയൻമാർക്കും യു. ജി. സി. നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചശേഷം പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ മേഖലയിലെ കോളേജുകളിൽമാത്രം നിയമനം നടപ്പിലാക്കാത്തത് എന്ത്കൊണ്ട്; വ്യക്തമാക്കുമോ;

(ഡി) 2005 മുതൽ ഒഴിഞ്ഞുകിടക്കുന്ന കോളേജ് ലൈബ്രേറിയൻ തസ്തിക നികത്താത്തത് എന്ത്കൊണ്ടെന്ന് വ്യക്തമാക്കുമോ; ആയത് നികത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>സർക്കാർ മേഖലയിലെ യു.ജി.സി. ലൈബ്രേറിയൻ നിയമനം</u>

4327 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് മേഖലയിലെ കോളേജുകളിൽ എത്ര യു. ജി.സി. ലൈബ്രേറിയൻ തസ്കികകളാണ് വേണ്ടത്; നിലവിൽ എത്ര തസ്തികകളാണ് ഉളളത്;

(ബി) എയിഡഡ് മേഖലയിലെ കോളേജുകളിൽ യു.ജി. സി. ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടുണ്ടോ;

(സി) സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാരിന് ഇല്ലാത്തതും ഉന്നതവിദ്യാഭ്യാസ രംഗത്തെ ലൈബ്രറികളുടെ നിലവാരം ഉയർത്തുന്നതുമായ യു.ജി.സി. ലൈബ്രേറിയൻ/യു.ജി.സി. കോളേജ് ലൈബ്രേറിയൻ തസ്തിക മുഴുവൻ സർക്കാർ കോളേജുകളിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

സ്വാശ്രയ കോളേജുകളിലെ ട്രേഡ് ഇൻസ്ട്രക്ടർമാരുടെ അടിസ്ഥാന ശമ്പളം

4328 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ട്രേഡ് ഇൻസ്ട്രക്ടർമാർക്ക് നൽകുന്ന വേതനം വളരെ തുച്ഛമായതിനാൽ ആയത് സർക്കാർ സർവ്വീസിലെ സമാന തസ്തികയുടേതിനനുസൃതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഐ.എച്ച്.ആർ.ഡി എൻജിനീയറിംഗ് കോളേജുകളിലെ ജീവനക്കാരുടെ വിശദാംശം

4329 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി എൻജിനീയറിംഗ് കോളേജുകളിൽ ജോലി നോക്കി വരുന്ന ലാബ് ജീവനക്കാരുടെ ദിവസ വേതനം എത്രയാണ്;

(ബി) ലാബ് ജീവനക്കാരുടെ വിഭാഗത്തിൽ ഉൾപ്പെടുന്ന ഡെമൺസ്ട്രേറ്റേഴ്സിന് നൽകി വരുന്ന ദിവസ വേതനം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ 05.05.13 ലെ ഇ.എ1/8291/2006/എച്ച്.ആർ.ഡി ഉത്തരവ് പ്രകാരം ദിവസവേതനക്കാർക്ക് വർദ്ധിപ്പിച്ചു നൽകിയ വേതനത്തിൽ ഡെമെൺസ്ട്രേറ്റേഴ്സിനെ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കെ. ജി. റ്റി. ഇ. ടൈപ്പ് റൈറ്റിംഗ് കോഴ്സ്</u>

4330

ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ നടത്തുന്ന കെ.ജി. റ്റി. ഇ. ടൈപ്പ്റൈറ്റിംഗ് കൊമേഴ്സ് ഗ്രൂപ്പിന്റെ സിലബസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഡി. റ്റി. പി. എന്നീ തസ്തികകൾക്ക് പ്രസ്തുത കെ. ജി. റ്റി. ഇ. കോഴ്സ് പാസ്സായവർക്ക് ജോലി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പോളിടെക്നിക് കോളേജുകളിലെ ഈവനിംഗ് കോഴ്സുകൾ</u>

4331 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ ഈവനിംഗ് കോഴ്സുകൾ നടത്തുന്നുണ്ടെങ്കിൽ ഏതൊക്കെ കോളേജുകളിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പോളിടെക്നിക്കുകളെ കമ്മ്യൂണിറ്റി കോളേജുകളാക്കുവാൻ നടപടി</u>

4332 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകളെ കമ്മ്യൂണിറ്റി കോളേജുകളാക്കുവാൻ എ.ഐ.സി.റ്റി.ഇ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) കമ്മ്യൂണിറ്റി കോളേജുകളാക്കുന്ന എ.ഐ.സി.റ്റി.ഇ യുടെ ധനസഹായമുള്ള സ്ഥാപനങ്ങളുടെ കൂട്ടത്തിൽ തിരൂരങ്ങാടി അവുക്കാദർ കുട്ടി നഹ പോളിടെക്ക്നിക്കിനെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഏതൊക്കെ സ്ഥാപനങ്ങളെയാണ് കേരളത്തിൽ ആയതിനായി തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>

4333 ശ്രീ. എം. എ. വാഹീദ്
'' വി. പി. സജീന്ദ്രൻ
'' വി. റ്റി. ബൽറാം
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കോളേജുകളിലാണ് ഈ പ്രോഗ്രാം നടപ്പാക്കുന്നത്;

(ഡി) ഇത് നടപ്പാക്കുന്നതിന് ലോക ബാങ്കിന്റെ എന്തെല്ലാം സഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഗവൺമെന്റ് പോളിടെക്നിക്കുകളിലെ സീറ്റുകളിലെ എണ്ണം

4334 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗവൺമെന്റ് എയ്ഡഡ് പോളിടെക്നിക്കുകളിൽ എത്ര സീറ്റുകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഇംഗ്ലീഷ് മീഡിയം</u>

4335 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 8-ാം ക്ലാസ് മുതൽ പാഠ്യ ക്രമം ഇംഗ്ലീഷ് മീഡിയം ആക്കുവാൻ തീരുമാനിച്ചതിന്റെ ഉത്തരവ് ലഭ്യമാക്കാമോ;

(ബി) ഏത് വിദ്യാഭ്യാസ കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ഇംഗ്ലീഷ് ആക്കിയത്;

(സി) ആയതുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് വെക്കേഷൻ കാലയളവിൽ പരിശീലനം നൽകിയിട്ടുണ്ടോ; എങ്കിൽ പരിശീലനത്തിന്റെ വിശദ വിവരം അറിയിക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സാക്ഷരതാ മിഷൻ അതോറിറ്റി</u>

4336 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ എത്ര കോ-ഓഡിനേറ്റർമാരും, പ്രേരക്മാരും ജീവനക്കാരും ജോലിനോക്കി വരുന്നു;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർക്ക് സർക്കാർ നിശ്ചയിച്ച മിനിമം വേതനമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാർക്ക് സർവ്വീസ് റൂൾ, സ്കെയിൽ ഓഫ് പേ എന്നിവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?